# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 6544

11/07/2012 – ൽ മറുപടിയ്ക്ക്

## കണ്ണൂർ ജയിലിലെ വാർഡൻമാരുടെ സീനിയോറിറ്റി ലിസ്റ്റ്

ചോദ്യം

ശ്രീ. ഇ.പി. ജയരാജൻ

മറുപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ജയിൽ വകുപ്പിന്റെ കണ്ണൂർ യൂണിറ്റിൽ വാർഡൻമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) ഉണ്ട്. |
| (ബി) കണ്ണൂർ യൂണിറ്റിൽ ഹെഡ് വാർഡൻ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുളളതെന്ന് വ്യക്തമാക്കുമോ ; | (ബി) അഞ്ച്. |
| (സി) സീനിയോറിറ്റി ലിസ്റ്റ് നിലവിലിരിക്കെ ഹെഡ് വാർഡൻ തസ്തികയിൽ ഒഴിവുണ്ടായിട്ടും തിരുവനന്തപുരം, തൃശ്ശൂർ യൂണിറ്റുകളിൽ പ്രൊമോഷൻ നടത്തി ഉത്തരവിറക്കിയിട്ടും കണ്ണൂർ ജയിൽ യൂണിറ്റിലെ വാർഡന്മാർക്ക് അർഹതപ്പെട്ട പ്രൊമോഷൻ നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?<br>(ഡി) എങ്കിൽ കണ്ണൂർ ജയിൽ യൂണിറ്റിലെ വാർഡൻ സീനിയോറിറ്റി ലിസ്റ്റിലെ അർഹതപ്പെട്ടവർക്ക് ഹെഡ് വാർഡൻ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | (സി)യും (ഡി) യും :<br><br>മൂന്നു മേഖലകളിലായിട്ടാണ് ജയിൽ വകുപ്പിൽ ഹെഡ് വാർഡർമാരായി പ്രൊമോഷൻ നൽകിയിരുന്നത്. അതിൽ ഒന്നാം മേഖലയിൽ (കണ്ണൂർ) പ്പെട്ടവർക്ക് 22 വർഷവും , രണ്ടാം മേഖലയിൽപ്പെട്ടവർക്ക് (തൃശ്ശൂർ) 15 ലേറെ വർഷവും മൂന്നാം മേഖലയിൽ (തിരുവനന്തപുരം) പ്പെട്ടവർക്ക് 12 വർഷവും സേവനം കഴിഞ്ഞാൽ മാത്രമേ ഹെഡ് വാർഡർമാരായി പ്രൊമോഷൻ ലഭിച്ചിരുന്നുള്ളൂ. വാർഡർ/ഹെഡ് വാർഡർ റേഷ്യോ 3:1 ആയി നിലവിൽ വന്നതിനുശേഷം 10 വർഷം കൊണ്ട് ഹെഡ് വാർഡറായി സ്ഥാനക്കയറ്റം ലഭിക്കാമായിരുന്നു. 10 വർഷം മുതൽ 15 വർഷം വരെ വാർഡറായി ജോലി നോക്കി വരുന്ന രണ്ടാം മേഖലയിലെയും മൂന്നാം മേഖലയിലെയും ജീവനക്കാർക്ക് ലഭ്യമാകുന്ന സ്ഥാനക്കയറ്റം 3-4 വർഷം പൂർത്തിയാകുമ്പോൾ തന്നെ ഒന്നാം മേഖലയിലെ വാർഡർക്ക് ലഭിക്കുന്നു. |

| | |
|---|---|
| | ഈയൊരു ദുർഗതി മാറ്റുന്നതിനുവേണ്ടി വാർഡർമാരുടെ നിയമനം സംസ്ഥാനതലത്തിലാക്കുന്നതിനുള്ള റൂളിന്റെ കരട് പബ്ളിക് സർവ്വീസ് കമ്മീഷന്റെ പരിശോധനയിലാണ്. ഈ റൂൾ നിലവിൽ വന്നാൽ കേരളത്തിലുടനീളം ഒരേ വ്യവസ്ഥയിൽ സർവ്വീസ് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റം ലഭിക്കുന്ന അവസ്ഥയുണ്ടാകും. ഇക്കഴിഞ്ഞ മാസം (ജൂൺ 2012) 10 പ്രമോഷനുകൾ ഒരുമിച്ചു ചെയ്യേണ്ടി വന്നപ്പോൾ 5 എണ്ണം ഒന്നാം മേഖലയിലും ബാക്കി 5 എണ്ണം രണ്ടാം മേഖലയിലും, മൂന്നാം മേഖലയിലുമായി നൽകിയിരുന്നു. 28-5-2012 നു ചേർന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം തുടർന്നുള്ള പ്രൊമോഷൻ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ